(ഡി) റോഡ് പുതുക്കി പണിയാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത റോഡിൽ മെറ്റലിംഗ്, ടാറിംഗ് ജോലികൾ ചെയ്തിട്ട് 5 വർഷമായി.

(സി & ഡി) പ്രസ്തുത റോഡിന്റെ കി. മീ. 1/500 മുതൽ 4/500 വരെയുള്ള ഭാഗം പുതുക്കിപ്പണിയുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

കേശവദാസപുരം മുതൽ പ്ലാമൂട് വരെയുള്ള റോഡിന്റെയും പാലത്തിന്റെയും നിർമ്മാണം

177 (3054) ശ്രീ. ബേബി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേശവദാസപുരം മുതൽ പ്ലാമൂട് ജംഗ്ഷൻ വരെയുള്ള റോഡിന്റെ പട്ടത്തിനും പ്ലാമൂടിനും ഇടയ്ക്കുള്ള പണികൾ ചെയ്തു തീർക്കുന്നതിന് കരാറുകാരന് എന്നു വരെയാണ് സമയ പരിധി നൽകിയിരിക്കുന്നത് ;

(ബി) പണികളുടെ പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) 2000 മാർച്ച് 31-ാം തീയതിക്ക് മുൻപ് പണികളെല്ലാം തീർത്തിരിക്കണമെന്ന് സർക്കാർ കർശനമായി നിർദ്ദേശം നൽകുമോ ;

(ഇ) തിരുവനന്തപുരത്തെ ഗതാഗതക്കുരുക്കും അനുബന്ധ പ്രശ്നങ്ങളും മനസ്സിലാക്കി ഇങ്ങനെയുള്ള പണികൾ കൃത്യ സമയത്ത് തീർക്കുന്നതിന് പ്രത്യേക മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് നടപ്പിലാക്കാമോ ?

ഉത്തരം

(എ) കേശവദാസപുരം മുതൽ പ്ലാമൂട് ജംഗ്ഷൻ വരെയുള്ള റോഡിന്റെ കൊടുങ്ങാനൂർ ജംഗ്ഷനും പ്ലാമൂടിനും ഇടയ്ക്കുള്ള പണികൾ ചെയ്തു തീർക്കുന്നതിന് കരാറുകാരന് 14-4-2000 വരെയാണ് സമയ പരിധി നൽകിയിരിക്കുന്നത്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) കഴിയുന്നത്രവേഗം തീർക്കാൻ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ഇ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മുട്ടം-കായംകുളം ബസാർ റോഡ് നിർമ്മാണം

178 (3055) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബഡ്ജറ്റിൽ ഉൾപ്പെട്ട മുട്ടം-കായംകുളം ബസാർ റോഡ് രണ്ടു വർഷമായിട്ടും കരാർ ഉറപ്പിച്ച് പണിയാതിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഡിസംബർ 29-ന് പി.ഡബ്ലിയു.ഡി. സെക്രട്ടറി വിളിച്ചുകൂട്ടിയ ഉന്നതല കോൺഫറൻസ് ഈ റോഡ് പുതുക്കിപ്പണിയുവാൻ തീരുമാനിച്ചശേഷം മൂന്ന് മാസമായിട്ടും ഇതിന്റെ കരാർ ഉറപ്പിച്ച് നൽകാതിരുന്നതിന്റെ കാരണം അന്വേഷിച്ചറിയിക്കുമോ ;

(സി) ഇതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി സ്വീകരിക്കുമോ ;

(ഡി) മേൽപ്പറഞ്ഞ ബഡ്ജറ്റ് വർക്ക് ചെയ്യാതിരുന്നപ്പോൾ ബഡ്ജറ്റിൽ ഇല്ലാതിരുന്ന കരീലക്കുളങ്ങര ഭഗവതിപ്പടിറോഡ് കരാർ നൽകി പണി ആരംഭിച്ചിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) തീരുമാനിച്ച ബഡ്ജറ്റ് വർക്ക് ആരംഭിക്കാതിരിക്കുകയും ബഡ്ജറ്റിൽ ഇല്ലാത്ത വർക്ക് അതേ മണ്ഡലത്തിൽ ആരംഭിക്കുകയും ചെയ്തതിനെപ്പറ്റി അന്വേഷിച്ച് നടപടി സ്വീകരിക്കുമോ ;

(എഫ്) കരീലക്കുളങ്ങര-ഭഗവതിപ്പടിറോഡ് പുനർനിർമ്മിക്കുന്നതിന് പകരം നന്നായി റിപ്പയറും ഓവർലേസും നടത്തി ഭദ്രമാക്കിയാൽ മതിയായിരുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) ഇതേപ്പറ്റി അടിയന്തിരമായി അന്വേഷണം നടത്തി ധനദുർവിനിയോഗം നടക്കുന്നുണ്ടെങ്കിൽ അതിന് ഉത്തരവാദികളായവരുടെ പേരിൽ നിയമപ്രകാരം നടപടി സ്വീകരിക്കുമോ ;

(എച്ച്) ബഡ്ജറ്റ് വർക്ക് നടത്താൻ താൽപ്പര്യം കാണിക്കാത്ത ചീഫ് എൻജിനീയർ ബഡ്ജറ്റിൽ ഇല്ലാത്ത വർക്ക് നടത്താൻ താൽപ്പര്യം കാണിച്ചിരിക്കുന്നതിനെപ്പറ്റി അന്വേഷിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത റോഡിന്റെ കി. മീ 4/00 മുതൽ 6/200 വരെയുള്ള ഭാഗത്തിന് 19.90 ലക്ഷം രൂപയ്ക്ക് 3-1-2000 -ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പണിക്ക് വേണ്ടി ടെൻഡറും ക്ഷണിച്ചിട്ടുണ്ട്.

(സി) ഉദ്യോഗസ്ഥൻമാർ വീഴ്ച വരുത്തിയതായി ശ്രദ്ധയിൽ വന്നിട്ടില്ല.

(ഡി) ഉണ്ട്. കരീലക്കുളങ്ങര-ഭഗവതിപ്പടിറോഡിന്റെ ചെറിയ ഒരു വികസന ജോലി ചീഫ് എൻജിനീയറുടെ എൽ.എസ്-ൽപ്പെടുത്തി തുടങ്ങിയിട്ടുണ്ട്.

(ഇ & എഫ്) ബഡ്ജറ്റിൽ ഉൾപ്പെട്ടവർക്ക് ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. കരീലക്കുളങ്ങര -ഭഗവതിപ്പടിറോഡിന്റെ വികസനവും പുനരുദ്ധാരണവും ആവശ്യമെന്നു കണ്ടതിനാലാണ് പ്രസ്തുതപണി ആരംഭിച്ചത്.

(ജി) ധനദുർവിനിയോഗമൊന്നും നടക്കുന്നതായി ശ്രദ്ധയിൽ വന്നിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) ബഡ്ജറ്റ് വർക്ക് നടത്തുവാൻ താല്പര്യം എടുത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നടപടി ക്രമങ്ങൾ പൂർത്തിയായാലേ, പണികൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ. ബഡ്ജറ്റിൽ ഇല്ലാത്ത വർക്ക് നടത്തുവാൻ പ്രത്യേക താൽപര്യം ഒന്നും കാണിച്ചിട്ടില്ല. ആവശ്യമെന്ന് ബോധ്യപ്പെട്ട ഒരു പണി ചീഫ് എൻജിനീയറുടെ എൽ. എസ്. ഫണ്ട് ഉപയോഗിച്ച് ആരംഭിക്കുക മാത്രമേ ചെയ്തിട്ടുള്ളൂ.

കെ. പി. റോഡിലെ കേടുവന്ന കലുങ്ക് ഉപയുക്തമാക്കണമെന്ന ആവശ്യം

179(3056) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം പുനലൂർ റോഡിൽ പാർക്ക് ജംഗ്ഷന് തൊട്ട് കിഴക്കുവശം തെക്കേ സൈഡിൽ സ്ഥിതിചെയ്യുന്ന ഒരു കലുങ്ക് കേടു വന്ന് ഗതാഗത നിയന്ത്രണമുണ്ടായിട്ട് എത്ര ദിവസങ്ങളായിയെന്ന് വെളിപ്പെടുത്തുമോ ;

(ബി) കേടുപാടുകൾ നീക്കി ഗതാഗതനിയന്ത്രണം ഒഴിവാക്കി കെ.പി. റോഡിലെ ഗതാഗതം സുഗമമാക്കാൻ മരാമത്ത് ഉദ്യോഗസ്ഥൻമാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ;

(സി) ഈ കലുങ്കിന്റെ കേടുവന്ന ഭാഗം അടിയന്തിരമായി ബലപ്പെടുത്താൻ നിർദ്ദേശം നൽകുമോ ;

(ഡി) ബലപ്പെടുത്തുമ്പോൾ കുറെക്കൂടി തെക്കോട്ട് കയറ്റി നിർമ്മാണം നടത്തി ബലിഷ്ഠമാക്കാൻ പ്രത്യേക നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) 8-2-2000 മുതലാണ് ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയത്.

(ബി) പ്രസ്തുത പണി സ്പെഷ്യൽ റിപ്പയേഴ്സിൽ ഉൾപ്പെടുത്തി ചെയ്യാൻ അനുമതി നല്കുകയും അതനുസരിച്ച് ലഭിച്ച കൊട്ടേഷൻ പരിശോധിച്ച് വരികയുമാണ്.

(സി) നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) സ്ഥലത്തിന്റെ ലഭ്യത അനുസരിച്ച് ഇക്കാര്യം പരിഗണിക്കുന്നതാണ്.

ഉപഗ്രഹ നഗര പദ്ധതിക്കായി ചെലവാക്കിയ തുക

180 (3057) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃപ്പൂണിത്തറ ഉപഗ്രഹ നഗരപദ്ധതിക്കായി ശമ്പളം ഇനത്തിലും മറ്റുമായി ഹൗസിംഗ് ബോർഡ് ഇതുവരെ എന്തു തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഈ പദ്ധതി ഉൾപ്പെടുന്ന രജിസ്ട്രേഷൻ സെന്ററിൽ വീടിനും ഫ്ളാറ്റിനും വേണ്ടി എത്രപേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly